ഭരണഭാഷ മാതൃഭാഷ
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
KERALA STATE BIODIVERSITY BOARD
A Statutory and Autonomous body, Government of Kerala

**KSBB/C4/179/2026-TA(WS)** **10-08-2026**

**NOTIFICATION**

**തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്ഥാപനങ്ങളിൽ അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നതുമായ സസ്യങ്ങളുടെ ചെറുവനങ്ങളുടെ നിർമ്മാണ പദ്ധതി**

കേരളത്തിൽ കണ്ടുവരുന്ന അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നതുമായ സസ്യങ്ങളെ സംരക്ഷണത്തിന്റെ ഭാഗമായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ 2026-27 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള "തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്ഥാപങ്ങളിൽ അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നതുമായ സസ്യങ്ങളുടെ ചെറുവനങ്ങളുടെ നിർമ്മാണം" എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 20 സെന്റിൽ കുറയാത്ത സ്ഥലത്താണ് സസ്യങ്ങൾ നട്ടു പിടിപ്പിക്കേണ്ടത്. ആകയാൽ, സ്ഥലവും താൽപ്പര്യവുമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. 10 ലക്ഷം രൂപയുടെ പദ്ധതി 4 സ്ഥാപനങ്ങൾക്കായി 2.5 ലക്ഷം രൂപാ വീതം നൽകാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്.

**ആർക്കൊക്കെ അപേക്ഷിക്കാം :** സർക്കാർ സ്കൂളുകൾ, കോളേജുകൾ, സർവകലാശാലകൾ ഗവേഷണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിയമപരമായ ബോർഡുകൾ, അതോറിറ്റികൾ, മിഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ കമ്പനികൾ, പരിശീലന സ്ഥാപനങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ, നിയമ & സുരക്ഷാ സ്ഥാപനങ്ങൾ തുടങ്ങിയവ.

**പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.**

- അപൂർവവും വംശനാശഭീഷണി നേരിടുന്നതുമായ ജീവജാലങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുക.
- പ്രസ്തുത സസ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും സർക്കാർ സ്ഥാപനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുക.
- ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ലക്ഷ്യങ്ങൾ ലംഘിക്കുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുമായി ജൈവവൈവിധ്യ നിയമത്തിന്റെ വ്യവസ്ഥകളെക്കുറിച്ച് ബോധവാന്മാരാക്കുക.
- ഉപയോഗിക്കാത്തതും തരിശായി കിടക്കുന്നതുമായ ഭൂമിയുടെ ഹരിതവൽക്കരണം.

**മറ്റു നിബന്ധനകൾ :**

- 20 സെന്റിൽ കുറയാത്ത സ്ഥലത്ത് 30 ഇനം സസ്യങ്ങളുടെ 350 ൽ കുറയാത്ത തൈകൾ നട്ടുപിടിപ്പിച്ച് ഒരു ചെറുവനം തയ്യാറാക്കേണ്ടതുണ്ട്.
- പ്രാദേശിക സാഹചര്യത്തിനനുസരിച്ചും ഭൂപ്രകൃതിക്ക് അനുയോജ്യമായ RET ഇനത്തിൽപ്പെടുന്ന സസ്യങ്ങളുടെ ലഭ്യത അനുസരിച്ചും സ്ഥാപനത്തിന്റെ ചട്ടക്കൂടിനനുസരിച്ച് പ്രസ്തുത എസ്റ്റിമേറ്റിൽ മാറ്റം വരുത്താവുന്നതാണ്.
- പദ്ധതി നിർവ്വഹണത്തിന്റെ സാങ്കേതിക - സാമ്പത്തിക സഹായം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നൽകുന്നതാണ്.
- നിലമൊരുക്കൽ, നടീൽ, ജലസേചനം, തുടർ പരിപാലനം എന്നിവ താങ്കളുടെ

സ്ഥാപനത്തിന്റെ ചുമതലയായിരിക്കും.

- പദ്ധതി പ്രദേശം (20 സെന്റ് സ്ഥലം) പരിസ്ഥിതി സൗഹൃദ വേലി കെട്ടി സംരക്ഷിക്കുകയും വൃക്ഷത്തൈകളുടെ പേര് എഴുതിയ ബോർഡുകൾ സ്ഥാപിക്കുകയും വേണം.
- കൂടാതെ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയും താങ്കളുടെ സ്ഥാപനത്തിന്റെയും പേരും പദ്ധതിയുടെ പേരും എഴുതിയ നെയിം ബോർഡ് സ്ഥാപിക്കേണ്ടതാണ്.
- പ്രസ്തുത പദ്ധതി പൂർത്തിയാക്കി ഒരു വർഷത്തിനുള്ളിൽ ബോർഡിന് റിപ്പോർട്ടും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും Statement of expenditure എന്നിവ സമർപ്പിക്കേണ്ടതാണ്.
- ജൈവവൈവിധ്യ (ഭേദഗതി) നിയമം 2023 ലെ വകുപ്പ് 38 പ്രകാരമുള്ള Notified Threatened Species കളുടെ ലിസ്റ്റിൽ ഉൾപ്പെടുന്ന R E T സസ്യങ്ങളെക്കൂടി ഈ പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത് ഉത്തമമായിരിക്കും.
- പദ്ധതിയുടെ പ്രാരംഭം മുതൽ പൂർത്തിയാക്കുന്നതുവരെയുള്ള വിവിധ ഘട്ടങ്ങൾ ഫോട്ടോ-ഡോക്യുമെന്റ് ചെയ്യേണ്ടതാണ്. കൂടാതെ, നട്ടുപിടിപ്പിക്കുന്ന സസ്യങ്ങൾക്ക് പുറമേയുള്ള മറ്റു സസ്യ-ജന്തുജാലങ്ങളെയും ഡോക്യുമെന്റ് ചെയ്യേണ്ടതാണ്.
- ഭാവിയിൽ സ്ഥാപനത്തിന്റെ മറ്റു ആവശ്യങ്ങൾക്കായി ടി സ്ഥലം ഉപയോഗിക്കാൻ പാടുള്ളതല്ല.
- പദ്ധതി കാലാവധി കഴിഞ്ഞ ശേഷമുള്ള പരിപാലന ചെലവ് സ്ഥാപനം തന്നെ വഹിക്കേണ്ടതാണ്.

ബോർഡ് നിയോഗിക്കുന്ന വിദഗ്ധ സമിതി അപേക്ഷകരിൽ നിന്നും അനുയോജ്യരായവരെ തെരഞ്ഞെടുക്കുകയും പദ്ധതി നിർവ്വഹണം ഏൽപ്പിക്കുകയും ചെയ്യുന്നതാണ്.

താല്പര്യമുള്ള സർക്കാർ സ്ഥാപനങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോർമാറ്റിൽ സമ്മതപത്രവും എസ്റ്റിമേറ്റും തയ്യാറാക്കി കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡിന് സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ സോഫ്റ്റ് കോപ്പി keralabiodiversity@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്കും ഹാർഡ് കോപ്പി താഴെപ്പറയുന്ന വിലാസത്തിലേക്കും അയയ്ക്കേണ്ടതാണ്.

മെമ്പർ സെക്രട്ടറി
കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്
കൈലാസം, T.C. 4/1679(1), നമ്പർ 43,
ബെൽഹാവൻ ഗാർഡൻസ്, കവടിയാർ പി.ഒ.,
തിരുവനന്തപുരം – 695003.

**അവസാന തീയതി:** ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരു മാസത്തിനകം

കൂടുതൽ വിവരങ്ങൾക്ക് www.keralabiodiversity.org സന്ദർശിക്കുകയോ 0471-2724740 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

Digitally signed by
V BALAKRISHNAN
Date: 10-08-2026
17:59:41

**മെമ്പർ സെക്രട്ടറി**

**അനുബന്ധം**

**<u>സമ്മതപത്രം (ഫോർമാറ്റ്)</u>**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ 2026-27 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ‘തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്ഥാപനങ്ങളിൽ അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നതുമായ സസ്യങ്ങളുടെ ചെറുവനങ്ങളുടെ നിർമ്മാണം’ എന്ന പദ്ധതി ......................................................................................................................................................................

................എന്ന സ്ഥാപനത്തിൽ നടപ്പിലാക്കാൻ സമ്മതമാണെന്ന് അറിയിച്ചുകൊള്ളുന്നു.

**ഓഫീസ് സീലും തീയതിയും** **സ്ഥാപനത്തലവൻറെ പേരും ഒപ്പും**

**ബജറ്റ് ഫോർമാറ്റ് :**

| **ക്രമ നമ്പർ** | **വിവരങ്ങൾ** | **ചെലവ് (രൂപ)** |
|---|---|---|
| 1. | അപൂർവവും വംശനാശഭീഷണി നേരിടുന്നതുമായ സസ്യങ്ങളുടെ (RET Species) തൈകളുടെ വില | |
| 2. | തദ്ദേശീയ ഇനങ്ങൾ ഉപയോഗിച്ചുള്ള ജീവനുള്ള വേലി (Live Fencing) സ്ഥാപിക്കുന്നതിനുള്ള ചെലവ് | |
| 3. | ഗതാഗതച്ചെലവ് | |
| 4. | ഭൂമി തയ്യാറാക്കലും തൈ നടീലും | |
| 5. | ചാണകം, വളങ്ങൾ, കൊക്കോപീറ്റ്, നനയ്ക്കുന്നതിനുള്ള ഹോസ്, മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവയുടെ ചെലവ് | |
| 6. | സസ്യങ്ങൾക്ക് ലേബൽ സ്ഥാപിക്കുന്നതിനുള്ള ചെലവ് | |
| 7. | മേൽനോട്ടച്ചെലവ് | |
| 8. | മറ്റ് ആകസ്മിക ചെലവുകൾ | |
| | **ആകെ കണക്കാക്കിയ ചെലവ്** | |

*"Join us in making **Kerala the Most Biodiverse-Friendly State of India by 2030***

Kailasam, T.C.4/1679 (1), No. 43, Belhaven Gardens, Kowdiar P.O., Thiruvananthapuram – 695 003, Phone : 0471- 2724740
Email: kerala.sbb@kerala.gov.in, keralabiodiversity@gmail.com, Website: www.keralabiodiversity.org